(ബി) കോഴിക്കോട് അഗസ്ത്യമുഴിയിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് മുക്കം സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള രൂപരേഖ പൊതുമരാമത്ത് ചീഫ് ആർക്കിടെക്റ്റിന്റെ ഓഫീസിൽ തയ്യാറാക്കി വരികയാണ്.

(സി) ആർക്കിടെക്ച്ചറൽ ഡ്രോയിംഗ്, സ്ട്രക്ച്ചറൽ ഡ്രോയിംഗ് വിശദമായ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി സാങ്കേതിക അനുമതി നൽകിയതിനു ശേഷം ടെൻഡർ നടപടികൾകൂടി പൂർത്തിയാക്കിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**ആലുവയിലെ മിനി സിവിൽ സ്റ്റേഷന്റെ രണ്ടാം ഘട്ട നിർമ്മാണം**

**239 (4593)** ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവയിലെ മിനി സിവിൽ സ്റ്റേഷന്റെ രണ്ടാംഘട്ടം നിർമ്മാണം ആരംഭിക്കുവാൻ സാധിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2009-10 ബജറ്റിൽ പ്രസ്തുത നിർമ്മാണത്തിന് തുക അനുവദിച്ച ശേഷം പൊതുമരാമത്ത് വകുപ്പ് നാളിതുവരെ ഈ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) അടിയന്തരമായി പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ.ഉ. (സാധാ) നമ്പർ 1184/09/പൊ.മ.വ. തീയതി 14-8-2009 പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി കൂടി നൽകിയ ശേഷം മാത്രമേ ടെൻഡർ നടപടി പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) ഈ സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ ജോലികൾ പൂർത്തീകരിച്ചു. പൊളിച്ച് മാറ്റേണ്ട കെട്ടിടത്തിന്റെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. ഇതിന്റെ ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി വരുന്നു.

(സി) അടിയന്തിരമായി നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**മൂവാറ്റുപുഴ കോടതി സമുച്ചയം നിർമ്മാണത്തിനുള്ള ടെൻഡർ**

**240 (4594)** ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ കോടതി സമുച്ചയം നിർമ്മാണത്തിനുള്ള ടെണ്ടറിന് അംഗീകാരം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly